**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 690** **23-02-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിലെ കേന്ദ്ര ഇടപെടലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്** | | **Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സഹകരണ മേഖലയെ പ്രതികൂലമായി ബാധിക്കുന്ന കേന്ദ്ര ഇടപെടലുകൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | 2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിലൂടെ നിലവിൽ വന്ന വ്യവസ്ഥകൾ സംസ്ഥാനത്തെ സഹകരണ മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ടി ഭേദഗതി പ്രകാരം കാർഷിക വായ്പ നൽകുന്ന പ്രാഥമിക സംഘങ്ങൾ 'Bank, Banker, Banking' എന്നീ പദങ്ങൾ അവയുടെ പേരിനോടൊപ്പം ചേർത്ത് ഉപയോഗിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളതും ഇടപാടുകാർക്ക് ചെക്ക് പോലുള്ള സൗകര്യങ്ങൾ ഉപയോഗിക്കാനാവാത്തതുമാണ്. ടി ഭേദഗതി പ്രാഥമിക സംഘങ്ങളെ (ബാങ്ക് എന്ന പേരിൽ) Banking പ്രവർത്തനങ്ങൾ നടത്തുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുന്നു. തന്മൂലം Bank എന്ന പേരിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ മതിപ്പ് ഇല്ലാതാക്കാനും ആയത് വഴി നിക്ഷേപത്തിൽ കുറവു വരുന്നതിനും കാരണമാകും. പുതിയ ഭേദഗതിയിലൂടെ ബാങ്കിംഗ് റെഗുലേഷൻ നിയമത്തിലെ സെക്ഷൻ-10 ലെ വ്യവസ്ഥകൾ ബാങ്കിംഗ് ലൈസൻസുള്ള സഹകരണ ബാങ്കുകൾക്കും ബാധകമാക്കുകയുണ്ടായി. പ്രസ്തുത നിയമ വ്യവസ്ഥകൾ പ്രകാരം മാനേജിംഗ് ഡയറക്ടറുടെ നിയമനത്തിനുള്ള യോഗ്യതയും നിയമന കാലാവധിയും നിശ്ചയിക്കുന്നതിനുള്ള അധികാരം റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയിൽ അർപ്പിതമാണ്. 10(B)യിലെ വ്യവസ്ഥകൾ ചെയർമാന്റെ യോഗ്യത നിശ്ചയിക്കുന്നതാണ്. ചെയർമാനെ നിയമിക്കുന്നതിനും, നീക്കം ചെയ്യുന്നതിനും റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് അധികാരം നൽകുന്നുണ്ട്. ടി ഭേദഗതികളെല്ലാം കേരള സഹകരണ സംഘം നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമാണ്. |

സെക്ഷൻ 12-ൽ വരുത്തിയ ഭേദഗതി മൂലം ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് RBI യുടെ മുൻകൂർ അനുമതി വാങ്ങിയ ശേഷം Public issue, private placement of share, preference share issue എന്നിവ നടത്താവുന്നതാണ്. അംഗങ്ങൾക്ക് മെമ്പർഷിപ്പ് സറണ്ടർ ചെയ്ത്, ഓഹരി തിരിച്ച് വാങ്ങുന്നതിനും കഴിയുന്നതല്ല. ഇതുമൂലം ഓഹരി പിൻവലിക്കാനുള്ള അവസരം ഇല്ലാതാകുന്നതാണ്. ആയത് സഹകരണ നിയമത്തിനും, വ്യവസ്ഥകൾക്കും വിരുദ്ധമാണ്. ബാങ്കിംഗ് നിയമത്തിലെ 36 AA നിയമ പ്രകാരം, ബാങ്കിംഗ് സ്ഥാപനങ്ങളിലെ മാനേജിംഗ് കമ്മിറ്റിയെ supersede ചെയ്യാൻ RBI-യ്ക്ക് അധികാരമുണ്ട്. നിയമ ഭേദഗതിയിലൂടെ 36 AAA എന്ന പുതിയ ഭേദഗതി ഉൾപ്പെടുത്തുകയുണ്ടായി. ഈ ഭേദഗതിയിലൂടെ സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങളുടെ ഭരണസമിതിക്കെതിരെ നടപടിയെടുക്കാനും ബാങ്കിംഗ് ലൈസൻസുള്ള സഹകരണ ബാങ്കുകളുടെ ഭരണ സമിതിയെ നീക്കം ചെയ്യാനും RBI– യ്ക്ക് അധികാരം നൽകുന്നുണ്ട്. ആക്ടിന്റെ 56–ാം വകുപ്പിൽ വരുത്തിയ ഭേദഗതിയിലൂടെ, സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ഇടപെടാൻ RBI-യ്ക്ക് വിപുലമായ അധികാരം നൽകുന്നുണ്ട്. സംഘത്തിന്റെ Bye-law റദ്ദാക്കാൻ പോലും RBI-യ്ക്ക് അധികാരം നൽകുന്നുണ്ട്. കൂടാതെ 20, 24, 26, 45 വകുപ്പുകളിലും ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതെല്ലാം സഹകരണ മേഖലയിലെ പ്രവർത്തനങ്ങളെ മൊത്തമായി ബാധിക്കുന്നതാണ്. കേന്ദ്ര സർക്കാരിന്റെ ആദായ നികുതി നിയമത്തിലെ വകുപ്പ് 80(പി)(2) പ്രകാരമുള്ള നികുതി ഇളവ് പിൻവലിച്ചതും സാമ്പത്തിക വർഷം ഒരു കോടിയിലധികം രൂപ പണമായി ബാങ്കിൽ നിന്നും പിൻവലിക്കുന്നതിന് ആദായ നികുതി നിയമത്തിൽ പുതുതായി കൂട്ടിച്ചേർത്ത 194(എൻ) വകുപ്പ് പ്രകാരം സ്രോതസ്സിൽ രണ്ട് ശതമാനം നികുതി(TDS) ഈടാക്കണമെന്നുള്ള വ്യവസ്ഥയും സംഘങ്ങളുടെ നിലനില്പിനെ തന്നെ പ്രതികൂലമായി ബാധിക്കും. 97–ാമത് ഭരണ ഘടന ഭേദഗതി, ബാങ്കിംഗ് റഗുലേഷൻ നിയമ ഭേദഗതി, ആദായ നികുതിയുമായി ബന്ധപ്പെട്ട ഭേദഗതികൾ എന്നിങ്ങനെ സഹകരണ മേഖലയിൽ നടക്കുന്ന ഇടപെടലുകൾ ദീർഘ കാലമായി സംസ്ഥാന വിഷയമായ സഹകരണ സംഘങ്ങളുടെ സ്വതന്ത്രമായ പ്രവർത്തനങ്ങളിൽ പല തരത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്. മാനദണ്ഡങ്ങൾ

| | | | |
|---|---|---|---|
| | | | പാലിക്കാതെ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്നത് മൂലം സംസ്ഥാന സഹകരണ സംഘം നിയമ പ്രകാരം പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ ദുർബലപ്പെടുന്ന അവസ്ഥ ഉണ്ടാകുന്നുണ്ട്. |
| (ബി) | സഹകരണ മേഖലയിൽ ആദായനികുതി വകുപ്പിന്റേതായ പുതിയ ഇടപെടലുകൾ വിശദീകരിക്കാമോ; ഇതിനെ പ്രതിരോധിക്കാൻ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ; ഇത് സംബന്ധിച്ച് 2021 -ൽ സുപ്രീം കോടതി പുറപ്പെടുവിച്ച വിധി പഠനവിധേയമാക്കിയിട്ടുണ്ടോ; | (ബി) | കേന്ദ്ര സർക്കാരിന്റെ ആദായ നികുതി നിയമത്തിലെ വകുപ്പ് 80(പി)(2) പ്രകാരമുള്ള നികുതി ഇളവ് പിൻവലിച്ചത്, സാമ്പത്തിക വർഷം ഒരു കോടിയിലധികം രൂപ പണമായി ബാങ്കിൽ നിന്നും പിൻവലിക്കുന്നതിന് ആദായ നികുതി നിയമത്തിൽ പുതുതായി കൂട്ടിച്ചേർത്ത 194(എൻ) വകുപ്പ് പ്രകാരം സ്രോതസ്സിൽ രണ്ട് ശതമാനം നികുതി(TDS) ഈടാക്കണമെന്നുള്ള വ്യവസ്ഥ എന്നിവ സംഘങ്ങളുടെ നിലനില്പിനെ തന്നെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ പ്രസ്തുത നടപടി പിൻവലിക്കണമെന്നും, സഹകരണ സ്ഥാപനങ്ങൾക്ക് വരുമാന നികുതിയിൽ ഇളവ് നൽകണമെന്നുമുള്ള ആവശ്യം കേന്ദ്ര സർക്കാരിന്റെ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ഇതിനു പുറമെ കേന്ദ്ര ആദായനികുതി നിയമത്തിൽ പുതുതായി കൂട്ടിച്ചേർത്ത 194N വകുപ്പിന്റെ പരിധിയിൽ നിന്നും സംസ്ഥാനത്തെ പ്രാഥമിക വായ്പ സഹകരണ ബാങ്കുകളെ ഒഴിവാക്കുന്നതിനായി കേന്ദ്ര ധനകാര്യ, കൃഷി മന്ത്രിമാർക്ക് നിവേദനം നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ നിയമനടപടികൾ സ്വീകരിക്കുന്നതിന്റെ പ്രായോഗിക വശങ്ങൾ പരിശോധിച്ച് വരികയാണ്. 2021 ലെ സുപ്രീം കോടതിവിധിയെപ്പറ്റി വിവിധ തലങ്ങളിൽ ചർച്ച നടത്തിവരുന്നു. |
| (സി) | കേന്ദ്രസർക്കാർ പുതുതായി ആരംഭിച്ച സഹകരണ മന്ത്രാലയവും കേന്ദ്ര സർക്കാർ പാസാക്കിയ ബാങ്കിങ് റഗുലേഷൻ (ഭേദഗതി) നിയമവും സംസ്ഥാനത്തെ സഹകരണ മേഖലയെ എങ്ങനെ ബാധിക്കുമെന്നും അതിന് പരിഹാരമായി സ്വീകരിച്ച നടപടികളും വിശദമാക്കാമോ? | (സി) | 97 മത് ഭരണഘടന ഭേദഗതി, ബാങ്കിംഗ് റഗുലേഷൻ നിയമ ഭേദഗതി, ആദായ നികുതിയുമായി ബന്ധപ്പെട്ട ഭേദഗതികൾ എന്നിവ മൂലം സഹകരണ മേഖലയിൽ നടക്കുന്ന ഇടപെടലുകൾ ദീർഘകാലമായി സംസ്ഥാന വിഷയമായ സഹകരണ സംഘങ്ങളുടെ സ്വതന്ത്രമായ പ്രവർത്തനങ്ങളിൽ പലതരത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്. മാനദണ്ഡങ്ങൾ പാലിക്കാതെ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്നത് മൂലം സംസ്ഥാന സഹകരണ സംഘം നിയമ പ്രകാരം പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ ദുർബലപ്പെടുന്ന അവസ്ഥ ഉണ്ടാകുന്നുണ്ട്. കേന്ദ്ര സഹകരണ നിയമ പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ചില മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ കൂടുതൽ പലിശ നൽകി നിക്ഷേപങ്ങൾ സ്വീകരിക്കുന്നത് ശ്രദ്ധയിൽപെട്ടതിന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ സ്റ്റേറ്റ് ലെവൽ കോ-ഓർഡിനേറ്റിംഗ് കമ്മറ്റിയുടെ നിർദ്ദേശ പ്രകാരം ടി സംഘങ്ങളുടെ വഴിവിട്ട പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ചീഫ് സെക്രട്ടറി മുഖാന്തിരം കേന്ദ്ര കൃഷി വകുപ്പ് മന്ത്രാലയത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. കേന്ദ്ര സഹകരണ മന്ത്രാലയം രൂപീകരിക്കുന്നതിലൂടെ ഫെഡറൽ തത്ത്വങ്ങൾക്ക് വിരുദ്ധമായ ഇടപെടലുകൾ വർദ്ധിക്കുമെന്നും ഇതിലൂടെ സംസ്ഥാന സഹകരണ നിയമ പ്രകാരം പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ പ്രവർത്തനം ദുർബലപ്പെടുത്തുന്നതായി കാണുന്നു. |

സെക്ഷൻ ഓഫീസർ